തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളുമായി
മുന്നോട്ട് പോകുന്ന ഇടതുപക്ഷ
സർക്കാരിന്റെ നിലപാടുകൾക്ക് വിരുദ്ധമായി
പ്രവർത്തിക്കുന്ന സി-ഡിറ്റ് രജിസ്ട്രാറിന്റെ
തെറ്റായ നയങ്ങൾക്കെതിരെ

# പ്രതിഷേധ ധർണ്ണ

11.01.2022 ചൊവ്വാഴ്ച രാവിലെ 9 .30 ന്
സി-ഡിറ്റ് ഹെഡ് ഓഫീസിന് മുന്നിൽ

അധ്യക്ഷൻ:
സ. വി കെ പ്രശാന്ത് എം. എൽ. എ

ഉദ്ഘാടനം
സ. കെ എസ് സുനിൽകുമാർ
സി. ഐ. ടി. യു സംസ്ഥാന സെക്രട്ടറി

സഖാക്കൾ അഡ്വ പി എസ് ഹരികുമാർ/എജെ സുക്കാർണോ/
കെ.ജി സനൽകുമാർ/ഡി. ശിവൻ കുട്ടി തുടങ്ങി
സി ഐ ടി യു വിന്റെയും സിപിഐഎമ്മിന്റെയും
പ്രമുഖ നേതാക്കൾ പങ്കെടുക്കുന്നു

സി- ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ

# സിഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ CITU
# പ്രക്ഷോഭത്തിലേക്ക്

1988-ൽ സ്ഥാപിതമായ സി-ഡിറ്റ് പ്രവർത്തനത്തിൻറെ 34-ാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. കഴിഞ്ഞ 3 പതിറ്റാണ്ടിലധികമായി സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് വിവരസാങ്കേതിക വിനിമയ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകിവരുന്ന നമ്മുടെ സ്ഥാപനവും ജീവനക്കാരും ഇപ്പോൾ ഒട്ടേറെ പ്രതിസന്ധികളും വെല്ലുവിളികളും നേരിടുകയാണ്. സ്ഥിരം, കരാർ, പ്രൊജക്ട്, ദിവസവേതനം എന്നീ വിഭാഗങ്ങളിലായി 600-ലധികം പേർ ജോലി ചെയ്തുവരുന്നു. സിഡിറ്റ് സർക്കാർ വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രൊജക്ടുകളുടെ നിർവ്വഹണത്തിലൂടെ ലഭിക്കുന്ന വരുമാനം വിനിയോഗിച്ചാണ് പ്രവർത്തിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറേ നാളുകളായി സിഡിറ്റിൻറെ സാമ്പത്തികനില വളരെ പരിതാപകരമാണ്. സ്ഥിരനിക്ഷേപം പിൻവലിച്ചും, ഓവർഡ്രാഫ്റ്റ് എടുത്തും ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കേണ്ട അവസ്ഥയിൽ വരെ കാര്യങ്ങൾഎത്തിനിൽക്കുന്നു. പ്രൊജക്ട് മാനേജ്മെൻറിൽ വരുത്തുന്ന ഗുരുതര വീഴ്ചയും അലംഭാവവുമാണ് ഈ അവസ്ഥയ്ക്ക് കാരണമാകുന്നത്.

സി-ഡിറ്റിൻറെ വളർച്ചയ്ക്ക് ഏറ്റവും പ്രധാനമായി മുൻകാല മാനേജ്മെൻറ് അനുവർത്തിച്ചിട്ടുള്ളത്, പ്രതിമാസ പദ്ധതി അവലോകനയോഗങ്ങളും തുടർനടപടികളുമാണ്. എന്നാൽ  വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രതിമാസ അവലോകനയോഗം ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനോ കുറവുകൾ പരിഹരിക്കുന്നതിനോ വേണ്ടുന്ന നടപടി നിലവിലെ മാനേജ്മെൻറിൻറെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പകരം എല്ലാം ജീവനക്കാരുടെയും, സർക്കാരിന്റെയും ചുമലിൽ കെട്ടിവയ്ക്കാനാണ് രജിസ്ട്രാർ ശ്രമിക്കുന്നത്. ഏറ്റവും ഒടുവിൽ 'ജീവനക്കാരുടെ ശ്രദ്ധയ്ക്ക്' എന്ന പേരിൽ ഇറക്കിയ കുറിപ്പ് ഇതിന് ഉദാഹരണമാണ്.  ശുദ്ധ അസംബന്ധമാണ് പ്രസ്തുത കുറിപ്പ്. ജീവനക്കാരെ അടിയാനും കുടിയാനുമായി കാണാനാണ് രജിസ്ട്രാറിന് താല്പര്യം എന്നതാണ് ഇത് വ്യക്തമാക്കുന്നത്. കഴിഞ്ഞ കുറെ നാളുകളായി സ്ഥാപനത്തിന്റെ പ്രതിസന്ധി പരിഹരിക്കണം, ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം എന്ന് ആവശ്യപ്പെട്ട് സംഘടന നിരവധി നിവേദനങ്ങളാണ് രജിസ്ട്രാറിന്  സമർപ്പിച്ചിട്ടുള്ളത്. എന്നാൽ എല്ലാത്തിനോടും നിഷേധാത്മക നിലപാടാണ് സ്വീകരിക്കുന്നത് .

തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ട്  പോകുന്ന ഇടതുപക്ഷ സർക്കാരിൻറെ നിലപാടുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സി-ഡിറ്റ് രജിസ്ട്രാറിൻറെ തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭത്തിന് രംഗത്തിറങ്ങാൻ സിഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ  നിർബന്ധിതമായിരിക്കയാണ്.  ഇതിന്റെ ഭാഗമായി 2022 ജനുവരി 11 നു രാവിലെ 9 മണിക്ക് സി ഡിറ്റ് ഹെഡ് ഓഫീസിൽ വച്ച്  പ്രതിഷേധ ധർണ്ണ സംഘടിപ്പിക്കുന്നു.

നിരന്തരമായി മാനേജ്മെൻറിനോട് ആവശ്യപ്പെടുകയും പരിഹരിക്കപ്പെടാത്ത തുമായ വിഷയങ്ങൾ എത്രയും വേഗം പരിഗണിക്കുന്നതിനാവശ്യമായ നടപടി രജിസ്ട്രാർ ഉടൻ സ്വീകരിക്കണം.

## പ്രധാന ആവശ്യങ്ങൾ

1. കഴിഞ്ഞ സർക്കാരിൻറെ കാലത്ത് സിഡിറ്റിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തി കൊണ്ടുള്ള ഉത്തരവിൽ അഞ്ച് വർഷം പൂർത്തിയായവർക്ക് തുടർന്നും കോൺട്രാക്റ്റ് നൽകരുതെന്ന് നിർദ്ദേശമുണ്ടായിരുന്നു. നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഭാവിയെ ബാധിച്ചേക്കാവുന്ന ഈ നിർദ്ദേശം സിഡിറ്റിൽ നടപ്പാക്കാതിരിക്കാൻ വേണ്ട ഇടപെടലുകളും, ഈ ഉത്തരവ് തിരുത്തുന്നതിനും വേണ്ടിയുള്ള നടപടികളും സ്വീകരിക്കണം.

2. ഗവണ്മെൻറ് ഉത്തരവ് പ്രകാരമുള്ള കരാർ /ദിവസ വേതന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സിഡിറ്റിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല അടിയന്തിരമായി ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കണം.

3. പ്രൊജക്ട് ജീവനക്കാർക്കും കഴിഞ്ഞ മൂന്നു വർഷമായി ശമ്പളം വർധിച്ചിട്ടില്ല. ഈ പ്രതിസന്ധി ഉടൻ പരിഹരിക്കപ്പെടണം ഇവരെ കരാറിലേക്കു മാറ്റുക, കരാർ കാലാവധി അഞ്ച് വർഷമാക്കുക, ശമ്പള വർദ്ധനവ് 50 ശതമാനം വർദ്ധിപ്പിക്കുക

4. പ്രൊജക്റ്റ് മാനേജ്മെൻറിൽ ഗുരുതരവീഴ്ചയും അലംഭാവവും തുടർച്ചയായി ഉണ്ടാവുകയും, മുൻ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാത്തതും ഇത് കാരണം സി-ഡിറ്റ് ഭരണ സമിതി യോഗങ്ങൾ ചേരാത്തതും പല പ്രധാന പദ്ധതികൾ നഷ്ടപ്പെടുന്നതും, നമ്മുടെ സ്ഥാപനത്തിൻറെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ദോഷകരമായി ബാധിച്ചിരിക്കയാണ്. ഈ പ്രതിസന്ധി ഉടൻ പരിഹരിക്കപ്പെടണം

5. 2019 ൽ ഇടതുപക്ഷ സർക്കാർ സർക്കാർ ജീവനക്കാർക്കും അധ്യാപകർകും നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന് അനുപാതികമയിട്ടുള്ള വേതന പരിഷ്കരണം നാളിതുവരെ സിഡിറ്റിൽ നടപ്പിലാക്കിയിട്ടില്ല. 2014 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക 5 ഗഡുക്കളായി നൽകാം എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ 2 ഗഡു മാത്രമാണ് നാളിതുവരെ നല്കിയിട്ടുള്ളത്. അതുപോലെ തന്നെ G.O(MS)No.2/2011/I&PRD സർക്കാർ ഉത്തരവ് പ്രകാരം സ്ഥിര നിയമനം ലഭിച്ചവർക്ക് മുൻകാല പ്രാബല്യത്തോട് കൂടിയാണ് സർവീസ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ അതിന് മുൻ വർഷങ്ങളിലും പിന്നീട് സ്ഥിരമാക്കിയവർക്കും ഈ സർവീസ് ആനുകൂല്യം ലഭിച്ചിട്ടില്ല . 2021 ൽ സി ഡിറ്റിൽ സ്ഥിരപ്പെട്ട ജീവനക്കാരുടെ DA അരിയർ അനുവദിക്കുക

6 MVD  അടക്കമുള്ള വർഷങ്ങളായി നടത്തിവരുന്ന സർക്കാർ പദ്ധതികൾ നഷ്ടപ്പെടാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

7. മുഴുവൻ ജീവനക്കാർക്കും പെൻഷൻ /പ്രമോഷൻ പദ്ധതി നടപ്പിലാക്കുക

8. കേരള സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിസെപ്പ് ഇൻഷുറൻസ് പോളിസിക്ക് സമാനമായ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ സിഡിറ്റിലെ എല്ലാ വിഭാഗം ജീവനക്കാർക്കും നടപ്പിലാക്കുക.

9. ഇൻസെൻറീവ് /ഓവർടൈം വേജസ്സുകൾ അർഹമായ ജീവനക്കാർക്ക് സമയ ബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. ഒ. ഐ. പി ഡിവിഷനുകളിലെയും സിറ്റി സെന്ററിലേയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പരിതാപകരമാണ് അവ പരിഹരിക്കണം. തിരുവനന്തപുരം പട്ടത്ത് ശ്രീ. വി എസ്. അച്ച്യുതാനന്ദൻ സർക്കാർ അനുവദിച്ച സ്ഥലത്തെ കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണം, വാടക കെട്ടിടങ്ങൾ ഒഴിവാക്കി സാമ്പത്തിക നഷ്ടം ഇല്ലാതാക്കണം.

2022 ജനുവരി 11  രാവിലെ 9 ന്   സിഡിറ്റ് ഹെഡ് ഓഫീസിൽ വച്ച് നടക്കുന്ന പ്രതിഷേധ ധർണ്ണ citu സംസ്ഥാന സെക്രട്ടറി **സ. കെ എസ് സുനിൽ കുമാർ** ഉദ്ഘാടനം ചെയ്യും. സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് **സ .വി കെ പ്രശാന്ത്** എം എൽ എ അധ്യക്ഷത വഹിക്കും ബഹുജന സംഘടനകളുടെയും സി ഐ ടി യുവിന്റെയും  പ്രമുഖ നേതാക്കൾ പരിപാടിയുടെ ഭാഗമാകും. മുഴുവൻ ജീവനക്കാരും കൃത്യമായ സാമൂഹിക അകലം പാലിച്ച് കൊണ്ട്  പ്രക്ഷോഭ പരിപാടി വിജയിപ്പിക്കുന്ന തിനാവശ്യമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് സഖാക്കളോട് അഭ്യർത്ഥിക്കുന്നു

അഭിവാദനങ്ങളോടെ

വി കെ പ്രശാന്ത് എം.എൽ.എ
സംസ്ഥാന പ്രസിഡന്റ്

ആർ ബി ഷജിത്ത്
സംസ്ഥാന ജന. സെക്രട്ടറി